*31.03.2016*



ഗതാഗത രംഗത്ത് യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ കൊച്ചിയിൽ ഗതാഗത രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ സംബന്ധിച്ച് കൂടി ആലോചിക്കുന്നതിനായി UN-Habitat Urban Basic Services Branch Urban Mobility Unitse Sustainable Urban Mobility Specialist Ms. Stefanie Holzwarth ബഹു.മേയറേ സന്ദർശിച്ച് ചർച്ച നടത്തി.

UMTA രൂപീകരിക്കുന്നതും Non-Motorised Transport സംവിധാനം ഏർപ്പെടുത്തുന്നതുമായി സംബന്ധിച്ചും ചർച്ചകൾ നടത്തി.

*8.03.2016*

അന്താരാഷ്ട്ര വനിത ദിനമായ മാർച്ച് 8 ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ വെച്ച് ശുചീകരണ വനിത തൊഴിലാളികളെ ആദരിച്ചു. ഇവർക്ക് ഓവർ കോട്ടടക്കമുള്ള ശുചീകരണ ഉപകരണങ്ങൾ വിതരണം ചെയ്തു.

.



*8.03.2016*

നഗരത്തിനകത്ത് പ്രദർശിപ്പിക്കുകയും പതിക്കുകയും ചെയ്യുന്ന ഫ്ളക്സുകൾ ഉൾപ്പെടെയുള്ള എല്ല അനധികൃത പരസ്യങ്ങൾക്കും എതിരെ അതിശക്തമായ നടപടി ആരംഭിക്കും. ഇതിന്റെ തുടക്കം എന്ന

നിലയിൽ ഈ വരുന്ന വ്യാഴം (10.3.2016) വെള്ളി (11.3.2016) ദിവസങ്ങളിൽ നഗരത്തിലെ എല്ല അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുകയും അനധിക്രത പരസ്യങ്ങൾ പതിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ നിയമ നടപടി അടക്കമുള്ള ശിക്ഷാനടപടി ആരംഭിക്കുകയും ചെയ്യും.

ഇത് സംബന്ധിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനം എടുത്തത്.

*04.03.2016*

**ന**ഗരത്തിലെ വനിതകൾ നടത്തുന്ന അംഗീകൃത തട്ടുകടകൾ വഴിയും പുതുതായി സംരംഭക മാതൃകയിൽ ആരംഭിക്കുന്ന ഇലക്ട്രിക് വണ്ടികൾ ഉപയോഗിച്ചും ആരോഗ്യപ്രദമായ ഭക്ഷണം വിതരണം ചെയ്യുവാനുള്ള ബൃഹദ് പദ്ധതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആരംഭിക്കുന്നു.



കേരളത്തിലെ തനതായ ആഹാരസാധന ങ്ങളായിരിക്കും, ഏറ്റവും വൃത്തിയുള്ള സംവിധാനത്തിൽ പാകം ചെയ്ത് ഏറ്റവും നന്നായി ജനങ്ങളുടെ മുന്നിലെത്തിക്കുന്നത്. ചൂടോടെ കഴിക്കാവുന്ന പാനീയങ്ങൾ, എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പറ്റുന്ന കേന്ദ്രീകൃത സംവിധാനത്തിൽ ഏറ്റവും ആരോഗ്യപ്രദമായി പാചകം ചെയ്യുന്ന ആഹാര സാധനങ്ങൾ പ്രത്യേകം തയ്യാറാക്കിയ വഴി ഓരോ അംഗീകൃത കിയോസ്കുകളിലും എത്തിക്കും.

ഭക്ഷണപ്പൊതികൾ, പോഷകസമ്പൂർണ്ണമായ ഭക്ഷണം എന്നിവയൊക്കെ ഈ പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്കും നഗരവാസി കൾക്കും ലഭ്യമാവും. ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത വനിതാ സംരംഭക സഹകരണത്തോടെ ചെയ്യുന്ന സുസ്ഥിര വികസന മാതൃകയാണ്. കിയോസ്കുകളും ഇലക്ട്രിക് വണ്ടികളും കേന്ദ്രീകൃത സംവിധാനത്തോടെ സ്ത്രീകൾ തന്നെ കൈകാര്യം ചെയ്യും. മറ്റൊരു പ്രത്യേകത ഈ പദ്ധതിയുടെ മാലിന്യസംസ്കരണ സംവിധാനമാണ്. ബാക്കി വരുന്ന ആഹാരപദാർത്ഥങ്ങളും മാലിന്യങ്ങളും നീക്കം ചെയ്ത് കേന്ദ്രീകൃത അടുക്കളയിൽ ഉപയോഗിക്കാൻ പറ്റുന്ന ബയോഗ്യാസ് ആക്കി മാറ്റും.

നിലവിലുള്ള അംഗീകൃത കടകൾക്ക് പുറമേ ചിലവു കുറഞ്ഞ ഇലക്ട്രിക് വണ്ടികൾ ഉപയോഗിച്ച് ഈ പദ്ധതിയുടെ ഭാഗമാകാൻ വനിതാ സംരംഭകരെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രോത്സാഹിപ്പിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിന് സംരംഭകരെ സഹായിക്കാൻ CSR (Corporate Social Responsibility) Fund ഉപയോഗിക്കുന്ന തായിരിക്കും

സ്ത്രീകൾ ഓടിക്കുന്ന പ്രകൃതി സൗഹാർദ്ദമായ ഇലക്ട്രിക് വണ്ടികളിൽ, ഏറ്റവും വൃത്തിയുള്ള ആരോഗ്യപ്രദമായ ആഹാരപദാർത്ഥങ്ങൾ നഗരത്തിന്റെ മുക്കിലും മൂലയിലും വരെ എത്തുന്ന കാഴ്ച ഇനി കൊച്ചിക്ക് സുപരിചിതമാകും. ഉൽപ്പാദന-വിതരണ ശൃംഖലയിൽ അംഗമാകുന്നത് വഴി നൂറ് കണക്കിന് വനിതാ സംരംഭകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ പദ്ധതിക്ക് കഴിയുന്നതായിരിക്കും.

ഡബ്ബാവാല, അമ്മ കിച്ചൺ തുടങ്ങി ഇന്ത്യയിലെ വിവിധ മാതൃകകൾ പഠിച്ച് വനിതാ സംരംഭകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും, സുസ്ഥിരവികസനത്തിനും ഊന്നൽ നൽകുന്ന ഈ പദ്ധതി കേരളത്തിലെ മറ്റ് നഗരങ്ങൾക്ക് തീർച്ചയായും മാതൃകയാകും.

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ആയിരിക്കും. 'വനിതകളുടെ സുസ്ഥിര കൊച്ചി' എന്ന മേയറുടെ ആശയത്തിലൂന്നി നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്ന നിരവധി സംരംഭങ്ങളിൽ ഏറ്റവും ആദ്യത്തേതാണ് ഈ പദ്ധതി. ഈ വരുന്ന വനിതാ ദിനത്തിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതായിരിക്കും.

*04.03.2016*



**കൊ**ച്ചി മുനിസിപ്പൽ കോർപ്പറേഷൻ 12-ാം പഞ്ചവത്സര പദ്ധതി(2015-2016)യിൽ ഉൾപ്പെടു ത്തിയ 'വളർത്തു നായ്ക്കൾക്ക് മൈക്രോചിപ്പ് ഘടിപ്പിക്കലും ലൈസൻസ് വിതരണവും' പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട എം.പി. പ്രൊഫ. കെ.വി. തോമസ് 04.03.2016 ന് വൈകീട്ട് 3:00 മണിക്ക് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അങ്കണത്തിൽ വെച്ച് നിർവഹിച്ചു.